# SSLC MODEL EXAMINATION 2022-23

**അടിസ്ഥാന പാഠാവലി** **SET-2**

**സമയം : 1½ മണിക്കൂർ** **ആകെ സ്കോർ : 40**

**പൊതുനിർദേശങ്ങൾ**

- ആദ്യ 15 മിനിറ്റ് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യം വായിക്കുന്നതിനും ഉത്തരം ആസൂത്രണം ചെയ്യുന്നതിനും ഉപയോഗിക്കേണ്ടതാണ്.
- നിർദേശങ്ങളും ചോദ്യങ്ങളും അനുസരിച്ചു മാത്രം ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

**1 മുതൽ 5 വരെയുള്ള ചോദ്യങ്ങൾക്ക് ഏതെങ്കിലും നാലെണ്ണത്തിന് ഉത്തരം എഴുതുക.**

(4 × 1 = 4)

1. "ഞാനെങ്ങന്യാ മോനേ വര്വാ? അച്ഛൻ എന്നെ എപ്പോഴും വിളിച്ചോണ്ടിരിക്കുക യാ. ഇന്നലേം വിളിച്ചു. വിളിക്കുമ്പം ഞാനിവിടെ ഇല്ലാന്ന്വെച്ചാൽ." - ഈ വരി കൾ സൂചിപ്പിക്കുന്നത്.
   - അച്ഛൻ ഇപ്പോഴും വിളിച്ചുകൊണ്ടിരിക്കുന്നു.
   - അച്ഛൻ കൂടെയുണ്ടെന്നുള്ള അമ്മയുടെ വിശ്വാസം
   - അച്ഛൻ യഥാർത്ഥത്തിൽ മരിച്ചിട്ടില്ല
   - അച്ഛൻ ദേഷ്യപ്പെടുന്നത് അമ്മയ്ക്കിഷ്ടമല്ല.
2. "പൂത്തിരി കത്തിച്ചതുപോലെയുള്ള മാമ്പൂക്കുല ഒടിച്ച് കുസൃതിക്കുട്ടനെപ്പോലെ കവിതാങ്കണത്തിൽ ഓടിയെത്തിയ വൈലോപ്പിള്ളി"- ഇവിടെ സൂചിതമാകുന്ന കവിത ഏത്?
   - മാമ്പഴം
   - കന്നിക്കൊയ്ത്ത്
   - മകരക്കൊയ്ത്ത്
   - ഓണമുറ്റത്ത്
3. 'നവോത്ഥാനം' - എന്ന പദം പിരിച്ചെഴുതുക.
   - നവം + ഉത്ഥാനം
   - നവോ + ഉത്ഥാനം
   - നവ + ഉത്ഥാനം
   - നവ + ഒത്ഥാനം
4. കോഴിയുടെ ഉടമസ്ഥൻ സന്ധ്യയ്ക്ക് വീട്ടിൽ വന്നപ്പോൾ കഥ അറിഞ്ഞു. അറിഞ്ഞ കഥ എന്ത്?
   - മത്തായി കേസ് കൊടുത്തത്
   - പേരയ്ക്ക നെറ്റിയിൽ എറിഞ്ഞത്

- കോഴിയെ കല്ലെറിഞ്ഞു വീഴ്ത്തിയത്
- മാർക്കോസിനെ പോലീസ് പിടിച്ചത്.

5. "പട്ടണക്കോപ്പു നിറയ്ക്കയാലിച്ചില്ലു-
പെട്ടികൾ തിങ്ങി, നിന്നിഷ്ടമാണെന്റെയും." - അടിവരയിട്ടപദം സൂചിപ്പിക്കുന്നത്?
- പാശ്ചാത്യവത്ക്കരണം
- വീട് മോടിപിടിപ്പിക്കൽ
- അലങ്കാരവസ്തുക്കൾ നിറയ്ക്കൽ
- പഴയത് ഉപേക്ഷിക്കൽ

**6 മുതൽ 10 വരെയുള്ള ചോദ്യങ്ങൾക്ക് ഏതെങ്കിലും നാലെണ്ണത്തിന് ഉത്തരം എഴുതുക.** **(4 × 2 = 8)**

6. അർഥവ്യത്യാസം കൂടാതെ ഒറ്റവാക്യമാക്കുക.
പത്രത്തെ എതിർക്കേണ്ടി വന്നാൽ, ആ എതിർപ്പിന് പോലും പ്രചാരം വേണമെങ്കിൽ പത്രത്തെ ത്തന്നെ ആശ്രയിക്കണം. പത്രം എന്ന വിരോധാഭാസം ഇതത്രേ.

7. "തമ്പ്രാ ഏനു നെല്ല് കൂലി മതി. ചക്രം മേണ്ട."
"എന്നാല് ഏനും കുടിക്കത്തില്ല."
"ഏന് മയറ്റില് ഒരു കമ്പിതമെടീ"
'പ്ലാവിലക്കഞ്ഞി'യിലെ സംഭാഷണഭാഷയുടെ ഏതെങ്കിലും രണ്ട് പ്രത്യേകതകൾ എഴുതുക.

8. "ഒഴിവുകനത്തൊരിരുളിടം" അടിവരയിട്ട പ്രയോഗത്തിന്റെ സവിശേഷാർത്ഥം കണ്ടെത്തുക.

9. നാദമായ് വന്നെന്റെ നാവിലെത്തേനായി
നാഭിയിൽ സ്പന്ദിച്ചതീയുള്ളെഴുത്തുകൾ (അമ്മയുടെ എഴുത്തുകൾ)
അമ്മയുമായുള്ള ബന്ധം ഈ വരികളിൽ പ്രകടമാകുന്നതെങ്ങനെ?

10. "അപ്പോൾ നമ്മുടെ വേരുകളോ?
അതും ഈ അമ്മയായ ഭൂമിയിൽത്തന്നെ." (വേരുകൾ)
മനുഷ്യന്റെ വേരുകൾ ഭൂമിയിലാണെന്ന് പറയുന്നതിന്റെ ഔചിത്യം പരിശോധിക്കുക.

**11 മുതൽ 15 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും നാലെണ്ണത്തിന് ഉത്തരം എഴുതുക.** **(4 × 4 = 16)**

11. "ഓരോന്നിനോരോ മൊഴിച്ചന്ത, മമ്മയാം
നേരിന്റെയീണവും താളവുമിമ്പവും" (അമ്മയുടെ എഴുത്തുകൾ)
കവിതാഭാഗം വിശകലനം ചെയ്ത് ഭാഷാസാഹിത്യത്തിന്റെ മഹത്വത്തെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.

12. “മകനേ, മൂടുമറക്കരുത്.”

“എന്റെ മകനേ ഈ നന്ദികെട്ടവരുടെ ഇടയിന്ന് കർത്താവെന്നെയങ്ങ് വിളിച്ചിരുന്നെങ്കിൽ. (കോഴിയും കിഴവിയും)

മനുഷ്യനന്മകൾ വെളിപ്പെടുത്തുന്ന കഥാപാത്രമാണ് മത്തായിയുടെ അമ്മ-വിലയിരുത്തുക.

13. “നീളും മലയുടെ ചങ്ങലവട്ടയിൽ

നാളം പാടലവിരലാൽ നീട്ടിയു-

മോമൽക്കവിളു തുടുത്തും തെല്ലൊരു

നാണത്തോടു പരുങ്ങിയൊരുങ്ങിടു-

മോണക്കോടിയുടുത്തൊരുഷസ്സേ.” (ഓണമുറ്റത്ത്)

വരികളുടെ ചമത്ക്കാരഭംഗി കണ്ടെത്തുക.

14. “വില്ക്കാനുള്ളതല്ല ആളുകൾക്ക് ഒന്നുംരണ്ടും പെറുക്കിത്തിന്നാനുള്ളതാണ് എന്റെ മാങ്ങ എന്നായിരുന്നു കൊച്ചു ചക്കരച്ചിയുടെ നില.” - ‘കൊച്ചുചക്കരച്ചി’യിൽ മാവുകൾക്ക് മാനുഷികഭാവങ്ങൾ കല്പിച്ചിട്ടുണ്ട്. ഈ അഭിപ്രായം പരിഗണിച്ച് നിരീക്ഷണക്കുറിപ്പ് തയ്യാറാക്കുക.

15. “അമ്മത്തൊട്ടിൽ” എന്ന തലക്കെട്ടിന്റെ ഔചിത്യം പരിശോധിച്ച് കുറിപ്പ് തയ്യാറാക്കുക.

**16 മുതൽ 18 വരെയുള്ള ചോദ്യങ്ങളിൽ 2 എണ്ണത്തിൽ ഒരുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (6 സ്കോർ വീതം)**

16. “ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന്” -

“മദ്യം വിഷമാണ്, അതുണ്ടാക്കരുത്, കുടിക്കരുത്, കൊടുക്കരുത്”

-ശ്രീനാരായണഗുരു

ഗുരുസൂക്തങ്ങളുടെ വെളിച്ചത്തിൽ പാഠഭാഗത്തെ ആശയം കൂടി ഉൾപ്പെടുത്തി ഗുരുദർശനങ്ങളുടെ സമകാലികപ്രസക്തി’ എന്ന വിഷയത്തിൽ പ്രസംഗം തയ്യാറാക്കുക.

17. “മനുഷ്യരെ മെനക്കെട്ത്താൻ ഓരോ ഏർപ്പാടോള്, ആ നേരം വല്ല പണിയും എടുത്താല് നാല് കാശ്ണ്ടാക്കാം.” - ചെമ്പു മത്തായി

“പണ്യെടു ക്കമ്പ്ളും റേഡിയോ കേൾക്കാം മൂപ്പരേ... ഞാനങ്ങന്യാർന്നു. തയ്ക്കുന്ന സമയത്ത് പാട്ടും നാടകോം, ശബ്ദരേഖേം ഒക്കെ കേൾക്കും” - ചാക്കുണ്ണി

‘പണയം’ എന്ന കഥയിലെ കഥാപാത്രങ്ങളുടെ വ്യത്യസ്ത കാഴ്പ്പാടുകൾ താരതമ്യം ചെയ്ത് കഥയ്ക്ക് ആസ്വാദനം തയ്യാറാക്കുക.

18. ജീവിതമുപ്പായി മാറുമ്പോൾ മഹാസമ്പ-

ത്തീവിധം തിരയടിച്ചാർക്കുന്നൂ നുരചിന്നി”

- കമ്പനിമുറ്റത്തെ കാട്ടുതുളസി

‘രാത്രയിൽ നടക്കുന്ന വ്യാപാരത്തെ പരസ്യപ്പെടുത്തിയാലെന്ത്?’

‘നെല്ലുകൂലി കിട്ടിയില്ലെങ്കിൽ ജോലിക്ക് പോകാതിരുന്നാലെന്ത്?’

– രണ്ടിടങ്ങഴി

പഴയകാല കർഷകത്തൊഴിലാളികളുടെ സാമൂഹികാവസ്ഥകളാണ് മേൽസൂചിപ്പിച്ച രചനകളിൽ കാണുന്നത്. വിശകലനം ചെയ്ത് ‘ദുരിതം നിറഞ്ഞ കർഷകജീവിതം’ എന്ന വിഷയത്തിൽ ഉപന്യാസം തയ്യാറാക്കുക.